**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(ജനുവരി 07-13, 2022)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**E-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2022 – 2 Dt. 06.01.2022

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞാൽ നിലം ഉഴുതിടേണ്ടതാണ്. ഈർപ്പമുള്ള സ്ഥലങ്ങളിൽ കൊഴിഞ്ഞിൽ, പയർ, എള്ള്, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യാം.പുഞ്ചവിള എടുക്കുന്നുണ്ടെങ്കിൽ മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞ് നിലം ഉഴുത് കുറച്ചു ദിവസത്തേക്ക് തരിശിടുന്നത് തണ്ടുതുരപ്പന്റെ ഉപദ്രവം പുഞ്ചയിലേക്ക് വ്യാപിക്കാതിരിക്കാൻ സഹായിക്കും. പുഞ്ചകൃഷിക്ക് മൂപ്പു കുറഞ്ഞ ജ്യോതി, പ്രത്യാശ തുടങ്ങിയ വിത്തുകളാണ് നല്ലത്.

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ പ്രതിരോധിക്കാനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡ് വീതം, ചെറുകഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക.

തെങ്ങിൽ ജലസേചനം തുടരണം. തെങ്ങിൻ തോപ്പിലെ ഈർപ്പം നിലനിർത്തുന്നതിനായി തെങ്ങിൻ തടങ്ങളിൽ തൊണ്ട് അടുക്കുന്നത് നല്ലതാണ്. കൂടാതെ തെങ്ങിന്റെ അടിപ്പട്ടകൾ മൂന്നോ നാലോ എണ്ണം വെട്ടി മാറ്റുന്നതും നല്ലതാണ്. പട്ട കൊണ്ട് തന്നെ തെങ്ങിന് പുതയിടാം. തുള്ളി നന കൊടുക്കാൻ സാധിക്കുന്നവർ അതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു തീർക്കണം. തെങ്ങോലപ്പുഴുവിന്റെ ആക്രമണമുണ്ടാകാൻ സാധ്യതയുള്ളതിനാൽ മുൻകരുതലുകൾ എടുക്കേണ്ടതാണ്. കീടത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് എതിർപ്രാണികളെ തെങ്ങിൻതോട്ടങ്ങളിൽ ഉപയോഗിക്കേണ്ടതാണ്.

കമുകിന് മണ്ട മറിച്ചിൽ ലക്ഷണം കണ്ടു വരുന്നു. ഇത് നിയന്ത്രിക്കാനായി ഓരോ കമുകിനു ചുറ്റും 250 ഗ്രാം വീതം കുമ്മായം ഇട്ട് നനച്ചു കൊടുക്കണം. ഒരാഴ്ച്ച കഴിഞ്ഞ് ബോറാക്സ് പൗഡർ 25 ഗ്രാം വീതം കമുകിന്റെ വേരിന്റെ ഭാഗത്ത് ഇട്ടു കൊടുക്കാം. കൂടാതെ ഫൈറ്റോലാൻ 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓലകളിൽ തളിയ്ക്കുന്നതും നല്ലതാണ്. തെക്കൻ വെയിലിന്റെ ചൂടു കൊണ്ട് പൊള്ളൽ ഏൽക്കാതിരിക്കാൻ തടിക്കു ചുറ്റും ഓല കെട്ടുകയോ വെള്ള പൂശുകയോ ചെയ്യാം. ചെറു തൈകൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം. വിത്തടക്ക ശേഖരിക്കുകയും പാകുകയും ചെയ്യുന്നത് തുടരാം.

കശുമാവിൽ പൂവിടൽ പൂർത്തിയാകുന്ന മാസമാണിത്. ആദ്യം പൂത്ത ശിഖരങ്ങളിൽ കായ് പിടിത്തം തുടങ്ങി കഴിഞ്ഞിരിക്കും. തേയില കൊതുക്, ഇലതുരപ്പൻ (ലീഫ് മൈനർ) തടിതുരപ്പൻ തുടങ്ങിയ കീടങ്ങൾക്കെതിരെ വേപ്പടിസ്ഥിത കീടനാശിനികൾ തളിക്കുക.

പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് വൈകുന്നേരങ്ങളിൽ തളിക്കുക, രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ, ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെൻ്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്.

വിഷു വിപണി കണക്കാക്കിയുള്ള പച്ചക്കറികൾ നടാൻ സമയമായി. നീർവാർച്ച യുള്ള, തുറസ്സായ സ്ഥലങ്ങൾ വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കണം. വെള്ളരി, പാവൽ, പടവലം, കുമ്പളം, മത്തൻ, പയർ എന്നിവയ്ക്ക് തടം കോരി, ചപ്പുചവറിട്ട് കത്തിച്ച് മണ്ണ് തണുത്തതിനുശേഷം അരിക് വശം കൊത്തിയിറക്കി സെന്റൊന്നിന് രണ്ടരകിലോ കുമ്മായം ചേർത്തിളക്കി ഒരാഴ്ച്ചയ്ക്ക് ശേഷം ജൈവവളം ചേർത്ത് വിത്തിടാം. വഴുതന, മുളക്, ചീര എന്നിവയുടെ വിത്ത് പാകി മുളപ്പിച്ച ശേഷം തൈകൾ മേൽ പറഞ്ഞ പ്രകാരം നിലമൊരുക്കി പറിച്ചു നട്ടാൽ മതിയാകും. ചീരയിലെ ഇലപ്പുള്ളി രോഗം തടയാൻ 10 ഗ്രാം സ്യൂഡോമോണാസ് ഒരു കിലോ വിത്തിന് എന്ന തോതിൽ വിത്തുമായി കലർത്തി വിതയ്ക്കുക. പച്ച ചീരയും ചുവപ്പ് ചീരയും ഇടകലർത്തി വിതയ്ക്കുന്നത് രോഗങ്ങളും കീടങ്ങളും കുറയ്ക്കുവാൻ സഹായകമാണ്.

**അറിയിപ്പ്**

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

<u>**നിബന്ധനകൾ**</u>

1. കുറഞ്ഞത് 10 കിലോഗ്രാം പഴം, പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487–2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ